പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –3297 21.12.2012- ൽ മറുപടിക്ക്

## പ്രവാസി മലയാളികൾക്ക് പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പൊതുമാപ്പ് ലഭിച്ച ഗൾഫ് മലയാളികളെ നാട്ടിലെത്തിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) യു. എ. ഇ. യിൽ അനധികൃതമായി താമസിക്കുന്ന വിദേശികൾക്ക് നിയമപരമായി രാജ്യംവിടാൻ അവസരം നൽകുന്നതിനായി പൊതുമാപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മലയാളികൾക്ക് എല്ലാതരത്തിലുള്ള സേവനങ്ങളും സഹായവും നൽകുന്നതിനായി യു. എ. ഇ. യിലെ ഇന്ത്യൻ അംബാസിഡർക്കും കേന്ദ്രവിദേശകാര്യമന്ത്രാലയം, കേന്ദ്ര പ്രവാസികാര്യമന്ത്രാലയം എന്നിവയ്ക്കും വിശദമായ അടിയന്തിര സന്ദേശങ്ങൾ അയച്ചിട്ടുണ്ട്. |
| (ബി) യു.എ.ഇ.യിൽ പൊതുമാപ്പ് ലഭിച്ച മലയാളികളെ നാട്ടിലെത്തിക്കാൻ നോർക്ക പ്രതിനിധിയെ അയയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഇത് സംബന്ധിച്ച് യു. എ. ഇ. യിലെ ഇന്ത്യൻ എംബസിയുമായി ചർച്ചകൾ നടത്തുന്നതിനും പ്രവാസി മലയാളികളുടെ തിരിച്ചുവരവ് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നോർക്ക – റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ഇന്ത്യൻ നയതന്ത്രകാര്യാലയത്തിലേക്ക് അയച്ച് ചർച്ചകൾ നടത്തുകയുണ്ടായി. |
| (സി) ഏകദേശം എത്ര മലയാളികൾക്കാണ് പൊതുമാപ്പിന്റെ പ്രയോജനം ലഭിക്കുക; ഇവരെ നാട്ടിലെത്തിക്കുമ്പോൾ ചെലവാകുന്ന തുക എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) പൊതുമാപ്പിന്റെ പ്രയോജനം ലഭിക്കുന്ന പ്രവാസി മലയാളികളുടെ കണക്ക് ഈ വകുപ്പിൽ ലഭ്യമല്ല. പൊതുമാപ്പ് പ്രകാരം തിരികെ വരുന്ന മലയാളികൾക്ക് സൗജന്യമായി വിമാനടിക്കറ്റ് ഇന്ത്യാഗവൺമെന്റ് , എയർ ഇന്ത്യ , പ്രമുഖ വ്യക്തികൾ , സ്ഥാപനങ്ങൾ , സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് സമാഹരിച്ച് ലഭ്യമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ചെലവിന്റെ ഒരു ഭാഗം സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതാണ്. ഔട്ട്പാസ്/ പാസ്പോർട്ട് റിന്യൂവൽ ഫീസായ 60 + 9 ദിർഹം വഹിക്കുന്നതിനും സംസ്ഥാന |

സർക്കാർ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ച് ബന്ധപ്പെട്ട ഓഫീസുകളിലേക്ക് അയച്ചിട്ടുണ്ട്.

(ഡി) നിലവിൽ ആകെയുള്ള പ്രവാസി മലയാളികൾ എത്ര; ഇവരിൽ നിന്നും പ്രതിവർഷം എത്ര രൂപ സംസ്ഥാനത്ത് എത്തുന്നുണ്ടെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മുഖാന്തിരം തയ്യാറാക്കിയ 2011 – ലെ കേരള മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി പ്രകാരം 22.80 ലക്ഷം മലയാളികൾ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്തുവരുന്നുണ്ട്. മേൽപ്പറഞ്ഞ സ്റ്റഡി റിപ്പോർട്ട് പ്രകാരം 2011 - ാം ആണ്ടിൽ പ്രവാസി കേരളീയർ തങ്ങളുടെ വീടുകളിലേക്ക് അയച്ച തുക 15129 കോടി രൂപയാണ്. എന്നാൽ ഇന്ത്യയിൽ ആകെ ലഭിച്ച വിദേശവരുമാനം പ്രവാസി മലയാളികൾക്ക് അനുപാതികമായി വിഭജിച്ചാൽ 2010 – 11 - ാം ആണ്ട് കേരളത്തിന് ലഭിച്ച മൊത്തം വിദേശ വരുമാനം 49,695 കോടി രൂപയാണ് എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇത് ഒരു സാമ്പിൾ സർവ്വേ മെത്തേഡ് പഠനം മാത്രമാണ്.

(ഇ) പ്രവാസി മലയാളികളുടെ പെൻഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

(ഇ) പ്രവാസി മലയാളികൾക്ക് പെൻഷൻ ഉൾപ്പെടെ മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനായി പ്രവാസി കേരളീയ ക്ഷേമ ബോർഡ് സ്ഥാപിതമായിട്ടുണ്ട്. ക്ഷേമ പദ്ധതിയിൽ അംഗങ്ങളായ പ്രവാസികൾക്ക് നിബന്ധനകൾ അനുസരിച്ച് പെൻഷൻ ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ